# സ്വദേശി ദർസ്

(ത്രിവൽസര സർട്ടിഫിക്കറ്റ് കോഴ്സ്)

സമസ്ത കേരള സുന്നീ മഹല്ല് ഫെഡറേഷൻ (SMF)

# മുഖമൊഴി

ആരാധനകൾക്കൊപ്പം അറിവന്വേഷണത്തിന്റെയും കേന്ദ്രങ്ങളാണ് മസ്ജിദുകൾ. ആരാധനകളിലേറ്റം ശ്രേഷ്ഠം ജ്ഞാനസമ്പാദനമാണെന്നാണ് ഇസ്‌ലാമികാധ്യാപനം. മതബോധവും ആത്മീയതയുമുള്ള ഒരു സമൂഹത്തിന്റെ സൃഷ്ടിപ്പിന് ചാലകശക്തിയാകേണ്ടത് മസ്ജിദുകളും മഹല്ലുകളുമാണ്.

പുതിയ തലമുറയെക്കുറിച്ച് നമുക്ക് പരാതികളേറെയാണ്. പുത്തൻവാദങ്ങളും മതനിരാസ ചിന്തകളും അരാജകത്വവും അവരിൽ വളർന്ന് വരുന്നുവെന്നത് യാഥാർത്ഥ്യമാണ്. പരാതികളും പരിഭവങ്ങളും പറഞ്ഞിരിക്കുന്നതിന് പകരം യാഥാർത്ഥ്യബോധത്തോടെ പരിഹാര മാർഗങ്ങളന്വേഷിക്കുകയാണ് വേണ്ടത്.

സമസ്ത കേരള സുന്നീ മഹല്ല് ഫെഡറേഷൻ നിർദ്ദേശിക്കുന്ന പരിഹാരമാണ് 'സ്വദേശി ദർസ്' സംവിധാനം.കൗമാരക്കാരുടെ ഊർജ്ജസ്വലത പ്രയോജനപ്പെടുത്തി, അവരുടെ മാനസിക ചിന്തകൾക്ക് അനുയോജ്യമായി, മനഃശാസ്ത്രാധിഷ്ഠിതവും കാലികവുമായി രൂപപ്പെടുത്തിയ പദ്ധതിയാണ് ' സ്വദേശി ദർസ്'.

മതബോധത്തിലധിഷ്ഠിതമായി ജീവിക്കാൻ അനിവാര്യവും അത്യാവശ്യവുമായ അറിവുകൾ ലളിതമായ രീതിയിൽ പ്രദാനം ചെയ്യുന്ന ഒരു സർട്ടിഫിക്കറ്റ് കോഴ്സാണ് 'സ്വദേശി ദർസ്'. പ്രാഥമിക മത വിദ്യാഭ്യാസം പൂർത്തിയാക്കിയ / പാതി വഴിയിൽ അവസാനിപ്പിച്ച കൗമാരക്കാരായ ആൺകുട്ടികളെ ഈ സംവിധാനത്തിന്റെ ഭാഗമാക്കി, ഇസ്‌ലാമിന്റെ സുന്ദര പാതയിലൂടെ നല്ല പൗരൻമാരാക്കി വളർത്തിയെടുക്കാൻ സാധ്യമാകുന്ന രീതിയിലാണ് ഇതിന്റെ കോഴ്സും കരിക്കുലവും ആസൂത്രണം ചെയ്തിരിക്കുന്നത്. രണ്ട് വർഷം പ്രൈമറി കോഴ്സും ഒരു വർഷം അഡ്വാൻസ്ഡ് കോഴ്സുമായി മൂന്ന് വർഷമാണ് കാലാവധി.

## വിഷൻ

**മത ബോധവും ധാർമികതയുമുള്ള ഒരു തലമുറയുടെ സൃഷ്ടിപ്പ്.**

## മിഷൻ

- മതബോധത്തിലേക്ക് നയിക്കുന്ന പ്രായോഗികവും ലളിതവുമായ പഠനരീതികൾ
- അനിവാര്യവും അത്യാവശ്യവുമായ അറിവുകൾ ലഭ്യമാക്കുക.
- ഇസ്‌ലാമിക വ്യക്തിത്വം രൂപപ്പെടുത്തുക.
- മാനസിക പരിവർത്തനത്തിന് അവസരമൊരുക്കുക.
- മത പ്രബോധന പരിശീലനം നൽകുക.
- പാരായണ നിയമങ്ങളനുസരിച്ച് ഖുർആൻ ഓതാൻ പരിശീലിപ്പിക്കുക.
- ഫിഖ്ഹ് മസ്അലകൾ, ഹദീസ്, സ്വഭാവ സംസ്കരണം, വിശ്വാസ കാര്യങ്ങൾ തുടങ്ങിയവയിൽ അടിസ്ഥാന വിവരങ്ങൾ പഠിപ്പിക്കുക.
- ജമാഅത്ത് നിസ്കാരം, ദുആ, മൗലൂദ് തുടങ്ങിയവക്ക് നേതൃത്വം നൽകാൻ പ്രാപ്തരാക്കുക.
- മത, സാമൂഹിക രംഗത്ത് നേതൃത്വം നൽകാൻ പരിശീലിപ്പിക്കുക.

## സവിശേഷതകൾ

- അക്കാദമിക മേൽനോട്ടത്തിനായി സ്റ്റേറ്റ് അക്കാഡമിക് കൗൺസിൽ.
- ജില്ലാതലങ്ങളിൽ സ്വദേശി ദർസ് സമിതികൾ.
- നിരന്തര മൂല്യനിർണയം.
- പരീക്ഷാ ബോർഡിന്റെ നേതൃത്വത്തിൽ കേന്ദ്രീകൃത
- പരീക്ഷ(അർധ വാർഷികം, വാർഷികം )കളും മൂല്യനിർണയവും.
- സർട്ടിഫിക്കറ്റുകളും അവാർഡുകളും.
- ആർട്സ് ഫെസ്റ്റുകളും പഠന യാത്രകളും.
- കൃത്യമായ സിലബസും അക്കാദമിക് കലണ്ടറും.
- അധ്യാപകർക്ക് പരിശീലന പരിപാടികൾ.
- എല്ലാ ജില്ലകളിലും പാഠ പുസ്തക വിതരണ കേന്ദ്രങ്ങൾ
- പരീക്ഷാ പരിശീലനങ്ങൾ, മോട്ടിവേഷൻ ക്ലാസുകൾ.
- പ്രസംഗ-തൂലികാ-പൊതു പ്രവർത്തന പരിശീലനം.
- റഫറൻസ് ലൈബ്രറി.

## സിലബസ്

### ഒന്നാം വർഷം:

ഫിഖ്ഹ്, അഖീദ, ഹദീസ്,താരീഖ്,
മജ്മൂഅ (ദിക്റുകളും പ്രാർത്ഥനകളും), തജ്‌വീദ് (പ്രായോഗിക പഠനം)

### രണ്ടാം വർഷം:

ഫിഖ്ഹ്, അഖീദ, ഹദീസ്, താരീഖ്, മജ്മൂഅ, ഹിഫ്ള്

### മൂന്നാം വർഷം:

ഫിഖ്ഹ്, അഖീദ, താരീഖ്, ഹദീസ്, മജ്മൂഅ, തഫ്സീർ

പ്രയോഗവൽകരണത്തിനും പരിശീലനങ്ങൾക്കും ചർച്ചകൾക്കും പ്രാധാന്യം കൊടുത്താണ് എല്ലാ വിഷയങ്ങളും പഠിപ്പിക്കേണ്ടത്. ആശയങ്ങൾ മലയാളത്തിൽ തന്നെ പഠിപ്പിക്കണം

## പഠന സമയം

രണ്ട് രീതികൾ

- **ദിവസം ഒന്നര മണിക്കൂർ വീതം ആഴ്ചയിൽ അഞ്ച് പ്രവൃത്തി ദിനങ്ങൾ**
(രാവിലെ സുബ്ഹിക്ക് ശേഷം/വൈകിട്ട് മഗ്രിബിന് ശേഷം)
- അല്ലെങ്കിൽ **ആഴ്ചയിൽ രണ്ട് പ്രവൃത്തി ദിനങ്ങളി**(ശനി, ഞായർ)**ലായി നാല് മണിക്കൂർ**
(ആവശ്യമുള്ള സ്ഥലങ്ങളിൽ മാത്രം).

## വസ്ത്രധാരണം

കുട്ടികൾ സാധാരണ ധരിക്കുന്ന, ഇസ്‌ലാമിക വിരുദ്ധമല്ലാത്ത ഏത് വസ്ത്രവുമാവാം.
നിശ്ചിത ഡ്രസ് കോഡ് അടിച്ചേൽപിക്കേണ്ടതില്ല.

## പ്രവേശനം ആർക്ക്, എങ്ങനെ?

- മദ്രസാ പഠനം പൂർത്തിയാക്കിയ / ഇടയിൽ അവസാനിപ്പിച്ച കൗമാരക്കാരായ ആൺകുട്ടികൾ
- നിർദ്ദിഷ്ട മാതൃകയിൽ തയ്യാറാക്കിയ ഫോറം വഴി അപേക്ഷിക്കണം.
- വ്യക്തിഗത ഇന്റർവ്യൂവിന് ശേഷം പ്രവേശനം.

## അധ്യാപനം

**മുദർരിസുമാർ/ഖത്വീബുമാർ/മത ബിരുദധാരികളായ മദ്രസാ അധ്യാപകർ**

## ഫീസ്

**അഡ്മിഷൻ ഫീ 100 രൂപ.**

## അവധികൾ

മുസ്‌ലിം കലണ്ടർ അനുസരിച്ചുള്ള അവധികൾക്ക് പുറമേ, കുട്ടികളുടെ സ്കൂൾ പരീക്ഷകൾക്ക് വേണ്ടി 20 ദിവസം അധിക അവധി നൽകേണ്ടതാണ്.

## അഫിലിയേഷൻ

**SKSMF** സംസ്ഥാന കമ്മിറ്റിയാണ് സെന്ററുകൾക്ക് അഫിലിയേഷൻ നൽകേണ്ടത്.മഹല്ല് / യൂണിറ്റ് കമ്മിറ്റികൾ തയ്യാറാക്കിയ നിശ്ചിത മാതൃകയിലുള്ള അപേക്ഷ ജില്ലാ സ്വദേശി ദർസ് സമിതി സാക്ഷ്യപ്പെടുത്തി സംസ്ഥാന കമ്മിറ്റിക്ക് കൈമാറുന്നതോടെ രണ്ട് വർഷത്തേക്കുള്ള താൽകാലിക അംഗീകാരം ലഭിക്കുന്നു. തുടർന്ന്, സ്റ്റേറ്റ് അക്കാദമിക് കൗൺസിലിന്റെ പരിശോധനകൾക്കും ഗ്രേഡിങിനും അനുസരിച്ച് സ്ഥിരാംഗീകാരവും ലഭിക്കുന്നു. ഓരോ വർഷവും ശഅബാൻ ഒന്ന് മുതൽ ശവ്വാൽ 5 വരെയുള്ള കാലയളവിനുള്ളിലാണ് സെന്ററുകൾ അപേക്ഷ സമർപ്പിക്കേണ്ടത്.

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക**

**+91 99610 81443**
**+91 62352 92929**

+918136899874 (കാസറഗോഡ്)
+918921519344 (കണ്ണൂർ)
+917907707339 (വയനാട്)
+919947331511 (കോഴിക്കോട്)
+918606885003 (മലപ്പുറം)
+919061053313 (പാലക്കാട്)

+919446714971 (തെക്കൻ
+919744455533 മേഖല)